# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 836 — 20/03/2013-ൽ മറുപടിക്ക്

### "കാഡ കനാലുകൾ ഉപയോഗ യോഗ്യമാക്കുന്നതിന് നടപടി"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ച കാഡ കനാലുകൾ ഉപയോഗശൂന്യമായിത്തീർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?<br><br>ബി) പ്രസ്തുത കനാലുകൾ ഉപയോഗ യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | കാഡ പ്രവൃത്തികൾ ഉപഭോക്തൃ കർഷക സമിതികൾ മുഖേനയാണ് നടപ്പിലാക്കുന്നത്. പണി പൂർത്തീകരിച്ച കാഡ ചാനലുകൾ ബന്ധപ്പെട്ട കർഷക സമിതിയ്ക്ക് കൈമാറി കൊടുക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത ചാനലുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള പദ്ധതികൾ ഒന്നും കാഡയുടെ കീഴിൽ ഇപ്പോൾ നിലവിലില്ല. 23.03.2010-ലെ സ.ഉ.(സാധാ)നമ്പർ.363/2010/ജലവിവ പ്രകാരം കാഡ പ്രവൃത്തികളുടെ നിയന്ത്രണവും സംരക്ഷണവും അതാതു പദ്ധതികളുടെ നിയന്ത്രണാധികാരമുള്ള ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഏൽപ്പിച്ചു കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. ഉപയോഗ ശൂന്യമായിത്തീർന്നിട്ടുള്ള കനാലുകൾ ഉപയോഗ യോഗ്യമാക്കുന്നതിന് തുക ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർമാർക്ക് അനുവദിച്ചു നല്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ